**15 -ാം കേരള നിയമസഭ**

**14 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1195** **18-09-2025 - ൽ മറുപടിയ്ക്ക്**

**കയ്പമംഗലം മണ്ഡലത്തിലെ കുടിവെള്ള പദ്ധതികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ** | | **ശ്രീ. റോഷി അഗസ്റ്റിൻ (ജലവിഭവ വകുപ്പ് മന്ത്രി)** | |
| (എ) | കയ്പമംഗലം മണ്ഡലത്തിലെ കുടിവെള്ളക്ഷാമം ശാശ്വതമായി പരിഹരിക്കുന്നതിനായി നടപ്പിലാക്കിവരുന്ന നാട്ടിക ഫർക്ക കുടിവെള്ള പദ്ധതി എത്രയും വേഗം പൂർത്തിയാക്കുന്നതിന് എന്തെല്ലാം നടപടികളാണ് കൈക്കൊണ്ടിട്ടുള്ളതെന്ന് വിശദമാക്കുമോ; | (എ) | 3 പാക്കേജുകളിലായി തയ്യാറാക്കിയ KIIFB - നാട്ടിക ഫിർക്ക സമഗ്ര കുടിവെള്ള പദ്ധതിയുടെ ജലശുദ്ധീകരണശാല അടങ്ങുന്ന പാക്കേജ്-1 ടെണ്ടർ 40%-നു മുകളിലാണ് രേഖപ്പെടുത്തിയിരിക്കുന്നത്. ആയതിനാൽ ടി കാര്യത്തിൽ തീരുമാനമെടുക്കുന്നതിലേയ്ക്കായി കേരള വാട്ടർ അതോറിറ്റി സമർപ്പിച്ചിരിക്കുന്ന പ്രൊപ്പോസൽ സർക്കാർ പരിശോധിച്ചു വരുന്നു. ഗ്രാവിറ്റി മെയിൻ ഉൾപ്പെടുന്ന പാക്കേജ്-2 പദ്ധതി ടെണ്ടർ നടപടികൾ പൂർത്തിയാക്കി കരാറുകാരനുമായി ഉടമ്പടിയിൽ ഏർപ്പെട്ടിട്ടുണ്ട്. ആയതിന്റെ പ്രവൃത്തി ആരംഭഘട്ടത്തിലാണ്.<br><br>പാക്കേജ്-3-ൽ വെള്ളാനി പ്ലാൻറിൽ നിലവിലുള്ള ജലവിതരണകുഴലുകളും മറ്റും മാറ്റി സ്ഥാപിക്കുന്ന പ്രവൃത്തിയാണ് (Utility Shifting) ഉൾപ്പെടുത്തിയിരിക്കുന്നത്. ആയതിന്റെ ടെണ്ടർ നടപടികൾ, പാക്കേജ്-1-ന്റെ ടെണ്ടർ നടപടികൾ പൂർത്തിയാക്കുന്നതിനൊപ്പം ആരംഭിക്കുന്നതാണ്.<br><br>നിലവിൽ ജലവിതരണം നടത്തിവരുന്ന നാട്ടിക ഫിർക്ക കുടിവെള്ള പദ്ധതിയുടെ കാലപ്പഴക്കം ചെന്ന പ്രിമോ പൈപ്പുകൾ മാറ്റി പുതിയവ സ്ഥാപിക്കുന്നതിന് KIIFB പദ്ധതിയിൽ ഉൾപ്പെടുത്തി ഭരണാനുമതി നല്കിയിട്ടുള്ളതും 3 റീച്ചുകളിലായി നടപ്പിലാക്കുന്നതുമായ പ്രവൃത്തികൾക്ക് സാങ്കേതികാനുമതി നൽകി ദർഘാസ് നടപടികൾ പൂർത്തീകരിച്ച് LOA നൽകി എഗ്രിമെൻറ് വച്ചിട്ടുണ്ട്. മേൽ പ്രവൃത്തികളിൽ പൈപ്പുകൾ വിതരണം ചെയ്യുന്ന പ്രവൃത്തി ആരംഭിച്ചിട്ടുണ്ട്. |
| (ബി) | 2025-26 സാമ്പത്തിക വർഷ ബജറ്റിൽ 20% തുക വകയിരുത്തി 2 കോടി രൂപ അനുവദിച്ചിട്ടുള്ളതും സാമ്പത്തികാനുമതി ലഭിച്ചിട്ടുള്ളതുമായ കയ്പമംഗലം | (ബി) | കൈപ്പമംഗലം നിയോജക മണ്ഡലം തനതു കുടിവെള്ളപദ്ധതിക്കായി 2 കോടി രൂപയുടെ DPR തയ്യാറാക്കി വരുന്നു. ആയതിന് ഭരണാനുമതി |

| | | | |
|---|---|---|---|
| | നിയോജക മണ്ഡലം തനത് കുടിവെള്ള പദ്ധതിക്ക് ഭരണാനുമതിയും സാങ്കേതികാനുമതിയും ലഭ്യമാക്കി പ്രവർത്തി ആരംഭിക്കുന്നതിനായി എന്തെല്ലാം നടപടികളാണ് കൈക്കൊണ്ടിട്ടുള്ളതെന്ന് വിശദമാക്കാമോ? | | നൽകിയതിന് ശേഷം സാങ്കേതികാനുമതി നൽകുന്നതിനുള്ള എസ്റ്റിമേറ്റ് തയ്യാറാക്കുന്നതാണ്. പ്രസ്തുത DPR ൽ എസ്. എൻ. പുരം ഗ്രാമപഞ്ചായത്തിൽ ഓമൻകുളം, പതിയാശ്ശേരി എന്നീ പ്രദേശങ്ങളിലേക്കായി മിനി കുടിവെള്ള പദ്ധതികൾ നടപ്പിലാക്കുന്നതിനും മതിലകം, എസ്. എൻ. പുരം ഗ്രാമപഞ്ചായത്തുകളിൽ ജലവിതരണ ലഭ്യത തോത് ഉയർത്തുന്നതിനും നിലവിലെ മതിലകം ബൂസ്റ്റർ പമ്പ്ഹൗസിൽ മോട്ടോർ പമ്പ്സെറ്റുകൾ, ട്രാൻസ്ഫോർമർ എന്നിവ സ്ഥാപിക്കുന്നതിനും ആവശ്യമായ ഘടകങ്ങൾ ആണ് ഉൾപ്പെടുത്തുന്നത്. |

സെക്ഷൻ ഓഫീസർ